LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള വിതരണം-നൂതന സാങ്കേതിക വിദ്യ

188(2657) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ ഓസ്മോസിസ് പ്ലാന്റുകളോ മറ്റ് പുതിയ സാങ്കേതിക വിദ്യകളോ ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും എന്ത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിയതെന്നും ഇതിന് ആകെ എത്ര തുക ചെലവായിട്ടുണ്ടെന്നും ആവർത്തന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിലാണോ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ 18 ആർ.ഒ. പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യയാണ് ഇതിലുപയോഗിച്ചിട്ടുള്ളത്. ഒരു പ്ലാന്റിന് ഏകദേശം 4.75 ലക്ഷം രൂപ ചെലവ് വരും. കൂടാതെ ഇതിന്റെ ആവർത്തന ചെലവുകൾക്കായി ഏകദേശം 1 മുതൽ 1.5 ലക്ഷം രൂപവരെ വേണ്ടിവരുന്നുണ്ട്.

(സി) നിലവിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിലുള്ള പദ്ധതികളൊന്നും കേരള ജല അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

ധർമ്മടം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

189(2658) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെയും ജല അതോറിറ്റിയുടെയും കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പൂർത്തീകരിച്ചതെന്നും ഏതൊക്കെ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

അഞ്ചരക്കണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച് 28-7-2012-ൽ കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതിയിൽ ധർമ്മടം മണ്ഡലത്തിലെ പെരളശ്ശേരി, മുഴപ്പിലങ്ങാട്, വേങ്ങാട്, ചെമ്പിലോട്, പിണറായി, കടമ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടുന്നുണ്ട്. കൂടാതെ കണ്ണൂർ കുടിവെള്ള

പദ്ധതിയുടെ വിപുലീകരണ പ്രവൃത്തി 31-3-2014-ന് പൂർത്തീകരിച്ചു. ഇത് ധർമ്മടം മണ്ഡലത്തിലെ കടമ്പൂർ പഞ്ചായത്തിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെട്ടു. ധർമ്മടം മണ്ഡലത്തിലെ ധർമ്മടം പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. കേരള ജല അതോറിറ്റി ആസ്തി വികസന പദ്ധതി പ്രകാരം ധർമ്മടം നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. അഞ്ചരക്കണ്ടി പഞ്ചായത്തിലെ കണ്ണാടി വെളിച്ചം മിനിസ്റ്റേഡിയം കുടിവെള്ള പദ്ധതി-പ്രവൃത്തി പൂർത്തീകരിച്ചു.
2. കടമ്പൂർ പഞ്ചായത്തിലെ അട്ടൂർ കാപ്പുകളം ഭാഗത്തേക്കുള്ള പൈപ്പ്ലൈൻ നീട്ടുന്നത് - പ്രവൃത്തി പുരോഗമിക്കുന്നു.
3. കടമ്പൂർ പഞ്ചായത്തിലെ എടക്കാട് മീത്തലെക്കണ്ടി ഭാഗത്തേക്കുള്ള പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി- പുരോഗമിച്ചു വരുന്നു.

ജലസേചന വകുപ്പ്

ധർമ്മടം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ള പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ഉള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

പൂർത്തീകരിച്ച പ്രവൃത്തികൾ

1. എടക്കാട് പഞ്ചായത്തിലെ ചാല പാലത്തിന് മുകൾഭാഗം ചാലത്തോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം
2. വേങ്ങാട് പഞ്ചായത്തിലെ പടുവിലായി തോടിന് കുറുകെയുള്ള ഊർപ്പള്ളി വി.സി.ബി.-യുടെ അറ്റകുറ്റപ്പണികളും പാർശ്വഭിത്തികെട്ടി സംരക്ഷണവും
3. മുഴപ്പിലങ്ങാട് പഞ്ചായത്തിലെ മാരാൻകണ്ടി തോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം
4. കടമ്പൂർ പഞ്ചായത്തിലെ അട്ടൂർ തോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം
5. എ.എസ്.ഇ.-കടലാക്രമണ പ്രതിരോധ പ്രവൃത്തി സി.പി. സ്റ്റോൺ 2199-ന് അടുത്ത് പാരേക്കടവ് ധർമ്മടം ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

6. എ.എസ്.ഇ.-കടലാക്രമണ പ്രതിരോധ പ്രവൃത്തി പാരേക്കടവ് ധർമ്മടം ഗ്രാമപഞ്ചായത്ത്-സി.പി. സ്റ്റോൺ 2198-ന് സൗത്ത്

7. ബണ്ട് നിർമ്മാണം-സി.പി. സ്റ്റോൺ 223-ന് വടക്ക് മുഴപ്പിലങ്ങാടി ബീച്ച് (National Adventure Academy Building)

8. വേങ്ങോട് ഗ്രാമപഞ്ചായത്തിലെ മാമ്പഴം പാലത്തിന് താഴ്ഭാഗത്ത് അഞ്ചരക്കണ്ടി നദിയുടെ ഇടതുകര സംരക്ഷണം

9. പെരളശ്ശേരി പഞ്ചായത്തിലെ മണലൂർ കമാലക്കടവിൽ അഞ്ചരക്കണ്ടി പുഴയുടെ വലതുകര സംരക്ഷണം

10. കടലാക്രമണ പ്രതിരോധ പ്രവൃത്തി പാരേക്കടവ് ധർമ്മടം പഞ്ചായത്ത് സി.പി. സ്റ്റോൺ 2197.

പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ :

1. പെരളശ്ശേരി പഞ്ചായത്തിലെ മുണ്ടല്ലൂർ കളത്തിന്റെ നവീകരണം

2. പെരളശ്ശേരി പഞ്ചായത്തിലെ കൊളയമ്പേത്ത് താഴെ വി.സി.ബി-യുടെ നിർമ്മാണം

3. കടലാക്രമണ പ്രതിരോധ പ്രവൃത്തി-വട്ടക്കൽ ചാന്തോടം ധർമ്മടം പഞ്ചായത്ത് സി.പി. സ്റ്റോൺ 2204

4. കടലാക്രമണ പ്രതിരോധ പ്രവൃത്തി-പാറേക്കടവ് ധർമ്മടം പഞ്ചായത്ത്-നോർത്ത് സി.പി. സ്റ്റോൺ 2198

എലത്തൂർ നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ

190(2659) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly